## സബ്മിഷൻ

### (1) വർക്കല ക്ലിഫ് സംരക്ഷണം

ശ്രീ. വർക്കല കഹാർ: സർ, ഭൗമശാസ്ത്രപരമായ സവിശേഷതകൾ കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ട വർക്കല കുന്നുകൾ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംനേടുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വർക്കല കുന്നുകളെപ്പറ്റി വിശദമായി പഠിക്കുകയും ഇന്ത്യയിലെ ആദ്യത്തെ ജിയോപാർക്കായി വർക്കല കുന്നുകളെ പ്രഖ്യാപിക്കുന്നതിനുമുള്ള നിർദ്ദേശം കേന്ദ്രസർക്കാരിനുമുന്നിൽ സമർപ്പിച്ചിരിക്കുകയുമാണ്. ഇതിനനുബന്ധമായി ഇക്കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ജിയോ ഹെറിറ്റേജ് മ്യൂസിയം നിർമ്മിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ ക്ലിഫുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഏറെ ശ്രദ്ധ കിട്ടിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ക്ലിഫ് വൻതോതിൽ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ക്ലിഫിന്റെ ദുർബല പ്രദേശങ്ങൾ പല കാരണങ്ങൾകൊണ്ട് ഭീഷണി നേരിടുകയാണ്. ഈ പ്രദേശങ്ങൾ സംരക്ഷിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചില്ലെങ്കിൽ വർക്കല ക്ലിഫുകൾ അധികം വൈകാതെ ഓർമ്മയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. കുന്നുകളുടെ തകർച്ച ടൂറിസം രംഗത്തും വൻതോതിൽ ഭീഷണി ഉയർത്തുന്നുണ്ട്. കഴിഞ്ഞ ദിവസം കുന്നിന്റെ വലിയൊരു ഭാഗം ഇടിഞ്ഞ് പാപനാശം തീരത്തേയ്ക്ക് വീഴുകയുണ്ടായി. രാത്രിയായതുകൊണ്ടാണ് വൻ അപകടം ഒഴിവായത്. ക്ലിഫിന് മുകളിലായി ടൂറിസ്റ്റുകൾ വ്യാപകായി ഉപയോഗിക്കുന്ന നടപ്പാത ഉൾപ്പെടുന്ന ഭാഗമാണ് പെട്ടെന്ന് ഇടിഞ്ഞു വീണത്. ഒരുഭാ

ഗത്ത് ക്ലിഫിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമ്പോൾ മറുഭാഗത്ത് ക്ലിഫ് ഇത്തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്നത് വളരെയേറെ ദു:ഖകരമാണ്. ഈ പ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയാണ് ഇത്തരത്തിൽ രൂക്ഷമായ കുന്നിടിയലിന് വഴിയൊരുക്കുന്നത്. ക്ലിഫിന് മുകളിലൂടെയുള്ള വാഹനഗതാഗതവും നിർത്തലാക്കേണ്ടതുണ്ട്. ബന്ധപ്പെട്ട അധികാരികൾ ഇതിനായി ടൂറിസം ഉൾപ്പെടെയുള്ള മേഖലയിൽ നിന്നുള്ളവരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് നിർദ്ദേശം നൽകിയെങ്കിലും കാര്യമായി പാലിക്കപ്പെട്ടിട്ടില്ല. ശക്തമായ നിയന്ത്രണം കൊണ്ടുവന്നാൽ മാത്രമേ മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളും സാധ്യമാവുകയുള്ളൂ. വർക്കല ക്ലിഫുകളുടെ പ്രാധാന്യം അർഹിക്കുന്ന രീതിയിൽ ഉൾക്കൊണ്ട് ഈ മേഖലയിൽ നിയമ പിൻബലമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ ഈ കുന്നുകളെ ഈ ദുരവസ്ഥയിൽ നിന്ന് കരകയറ്റാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം തന്നെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിരിക്കുന്ന ക്ലിഫ് സംരക്ഷണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല കഹാർ ഇവിടെ സൂചിപ്പിച്ച കാര്യം, കേരളത്തിനോ ഇന്ത്യയ്ക്കോ മാത്രമല്ല, ലോകത്തിനുതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വർക്കല ക്ലിഫ്. ലോകപ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ വർക്കല പാപനാശത്തോട് ചേർന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് രൂപപ്പെട്ട ഭൂഭാഗത്തെ ഭൗമശാസ്ത്ര വിസ്മയമായി കണ്ട ഈ ക്ലിഫിനെ സംരക്ഷിക്കുന്നതിനും യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ

ഇതിനോടകം തന്നെ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. 06-07-2012 -ൽ ഞാൻതന്നെ ഇതിനായി ഒരു യോഗം ഇവിടെ വിളിച്ചുചേർക്കുകയും അതിൽ ഡൽഹിയിൽ നിന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ശ്രീ. എസ്. സിങ്കരഞ്ചം ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തിരുന്നു. അവർ ഒരു പ്രസന്റേഷൻ നടത്തിയെന്ന് മാത്രമല്ല, എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന വിധത്തിലുള്ള ഒരു പ്രതികരണമായിരുന്നു ഈ ക്ലിഫിന്റെ പ്രാധാന്യത്തെക്കുറിച്ച് അവർ അന്ന് തന്നത്. അതുകൊണ്ടുതന്നെ വർക്കല ക്ലിഫിനെ ജിയോളജിക്കൽ പാർക്കാക്കി മാറ്റുന്നതിനും പൂർണ്ണമായി സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള തീരുമാനം ഇതിനോടകം തന്നെ എടുത്തുകഴിഞ്ഞു. വർക്കല കുന്നുകളുടെ പ്രാധാന്യം കണക്കിലെടുത്ത് ടൂറിസം സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ അനുബന്ധ വകുപ്പുദ്യോഗസ്ഥരുടെ യോഗം വർക്കലയിൽ പിന്നീട് ചേരുകയുണ്ടായി. മീറ്റിംഗിലെ തീരുമാനങ്ങളിൽ പ്രധാനമായത് വർക്കല കുന്നുകളുടെ സംരക്ഷണത്തിനായി വർക്കല മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ പോലീസ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സോയിൽ സർവ്വേ, ടൂറിസം എന്നീ വകുപ്പുദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നായിരുന്നു. അതിന്റെ നടപടികൾ തുടർന്നുവരികയാണ്. 17-04-2013-ൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ മറ്റൊരു യോഗം വിളിച്ചുകൂട്ടി നേരത്തെ നടന്ന യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ടകാര്യം ഇങ്ങനെ വളരെ പ്രാധാന്യം കൊടുത്ത് വർക്കല ക്ലിഫ് സംരക്ഷിക്കാനും അത് ജിയോളജിക്കൽ പാർക്ക് ഓഫ് ഇന്ത്യ ആക്കി മാറ്റാനുമൊക്കെ ശ്രമിക്കു

മ്പോൾ അത് ഇടിഞ്ഞുപോകുന്നൊരു സ്ഥിതിവിശേഷത്തെ വളരെ ഗൗരവമായിതന്നെ കാണുന്നു. ഇതിന്മേൽ കളക്ടറുടെ റിപ്പോർട്ട് ഉടൻതന്നെ വാങ്ങി അത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു പറയുന്നു.

## (2) അക്ഷയ സംരംഭകരുടെ പരിരക്ഷ

ശ്രീ. എ. എം. ആരിഫ്: സർ, അക്ഷയ സംരംഭകർ വളരെ പാവങ്ങളാണ്. അവർ പല സ്ഥലങ്ങളിൽനിന്നും കടമെടുത്തൊക്കെയാണ് ഈ സംരംഭം തുടങ്ങുന്നത്. സർക്കാരിനേയും സർക്കാരിന്റെ പദ്ധതികളേയുമെല്ലാംതന്നെ ആധുനിക സംവിധാനത്തിലൂടെ ജനങ്ങളെ അറിയിക്കുന്ന വലിയ ആധുനിക സാങ്കേതിക സംവിധാനമാണിത്. സർക്കാർ ഒരു സഹായവും അവർക്ക് ചെയ്യുന്നില്ല. എന്നാൽ സംരംഭകരിൽ നിന്നും നടത്തിക്കിട്ടുന്ന പണത്തിന്റെ ഒരു ഓഹരി ടാക്സായും അല്ലാതെയുമൊക്കെ തിരിച്ച് പിടിക്കുന്നുണ്ട്. എന്നാൽ സർക്കാരിനെ സഹായിക്കുന്ന പദ്ധതിക്കനുസരിച്ചുള്ള സഹായം തിരിച്ച് സർക്കാരിന്റെ ഭാഗത്തുനിന്ന് അങ്ങോട്ട് അവർക്ക് നൽകാൻ കഴിയുന്നുമില്ല. ഇപ്പോൾ പുതിയ എഗ്രിമെന്റുകളും കാര്യങ്ങളുമൊക്കെ വച്ചുകൊണ്ട് അവരുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതോടുകൂടി അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത നിലയിലുള്ള വലിയ പ്രയാസങ്ങളെ അഭിമുഖീകരിക്കുകയാണ്. ഫലത്തിൽ അവരെ ദ്രോഹിക്കുന്ന തരത്തിലുള്ള ഒരുപാട് നിബന്ധനകളാണ് എഗ്രിമെന്റിൽ വച്ചിട്ടുള്ളത്. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു നിവേദനം അസ്സോസിയേഷൻ ഓഫ് ഐ.ടി. എംപ്ലോയീസ് ഗവൺമെന്റിന് മുമ്പാകെ സമർപ്പിച്ചു, ഡയറക്ടർക്ക് കൊടു

ത്തു. അവർ കഴിഞ്ഞ മൂന്നാം തീയതി മുതൽ സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല സമരത്തിലാണ്. സമരം ഇപ്പോഴും തുടരുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കാര്യങ്ങളെല്ലാം അറിയാം. ഈ എഗ്രിമെന്റിൽ ഭേദഗതികൾ വരുത്തേണ്ടതാണെന്ന് അദ്ദേഹത്തിനും ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. അതുവഴി നമ്മുടെ നാടിനെ സമ്പൂർണ്ണമായി ഐ.ടി. അധിഷ്ഠിതമായ ഒരു സമൂഹമായി വളർത്തിയെടുക്കുന്നതിൽ അവരെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. കുറച്ചുകൂടി പോസിറ്റീവായി അവരെ സഹായിക്കുവാൻ കഴിയത്തക്ക ഒരു നിലപാടാണ് ഗവൺമെന്റ് എടുക്കേണ്ടത്. അവരുടെ ഡിമാന്റുകൾ വേറൊന്നുമല്ല, അവരുടെ സ്ഥാപനത്തിന് ഇത്ര സ്ക്വയർ ഫീറ്റ് വേണം.... അതിനൊക്കെയുള്ള സംരംഭങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് കൊടുത്താൽ പ്രശ്നമില്ല. പക്ഷേ അത് നിഷ്ക്കർഷിക്കുകയാണ്. അതിൽ ഓരോന്നിനും സ്പെസിഫിക്കേഷൻ വച്ചിരിക്കുകയാണ്. ഒരു എന്റർപ്രണർക്ക് വേറൊരു എന്റർപ്രണറുടെ കുടുംബത്തിൽനിന്ന് വിവാഹാലോചനപോലും നടത്താൻ സാധിക്കുകയില്ല. കാരണം, ബന്ധുക്കൾക്ക് ആർക്കെങ്കിലും വേറൊരു അക്ഷയ സംരംഭമുണ്ടെങ്കിൽ അവരെ ഡിസ്ക്വാളിഫൈ ചെയ്യുമെന്നുള്ള വ്യവസ്ഥകൾവരെ വച്ചിരിക്കുകയാണ്. അങ്ങനെ വളരെ അപരിഷ്ക്കൃതമായ ഒരുപാട് നിബന്ധനകളും നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് പുതിയ എഗ്രിമെന്റ്. ആ എഗ്രിമെന്റ് ഒപ്പുവെച്ചില്ലെങ്കിൽ അവരെ ഇപ്പോൾ ക്യാൻസൽ ചെയ്യുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ്. അതിന്റെ ആവശ്യമില്ല. അവരുമായി സംസാരിച്ച് അക്കാര്യത്തിൽ അവർ മുന്നോട്ടുവച്ച ഒരുപാട് നല്ല ഭേദഗതികളെ ഗവൺമെന്റിന് പോസിറ്റീവായി സ്വീകരിക്കാവുന്നതേയുള്ളൂ. അത്തരം ഭേദഗ

തികൾ അംഗീകരിച്ചുകൊണ്ട് അവരുമായി ചർച്ച ചെയ്ത് അവരുടെ സമരം അവസാനിപ്പിക്കുന്നതിനും അക്ഷയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. വെബ്സൈറ്റും മറ്റും യഥാസമയം ഫങ്ഷൻ ചെയ്യാത്തതുകൊണ്ട് ഉപഭോക്താക്കൾ വരുമ്പോൾ അതെല്ലാം പെട്ടെന്ന് നടത്തിക്കൊടുത്തില്ലെങ്കിൽ അവരുടെ പരാതിയും ഇവർ കേൾക്കണം. അവരെ പോസിറ്റീവായി സഹായിക്കാനും അവരുടെ ന്യായമായ ഡിമാന്റുകൾ അംഗീകരിച്ചുകൊണ്ട് അവർക്കാവശ്യമായ പരിരക്ഷ നൽകുവാനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അക്ഷയ സംരംഭകരുമായി സംസാരിച്ചുതന്നെ ഈ കാര്യങ്ങൾ നമുക്ക് നടപ്പിലാക്കാം. അതായത് അവരുടെകൂടി പ്രശ്നങ്ങൾ കണക്കിലെടുത്ത് മുന്നോട്ടുപോകാം. അതിൽ കുഴപ്പമില്ല. 2002-ൽ ഞാൻ ഐ.ടി. വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് കമ്പ്യൂട്ടർ സാക്ഷരതയ്ക്കുവേണ്ടി തുടങ്ങിയ അക്ഷയ പരിപാടി ഇന്നിപ്പോൾ സംസ്ഥാനത്തിന്റെ ഗവൺമെന്റ് സർവ്വീസ് മുഴുവൻ ജനങ്ങൾക്ക് കൊടുക്കുന്ന ഏറ്റവും വലിയ ഒരു സംവിധാനമായി വന്നു. ജനങ്ങൾക്ക് ഗവൺമെന്റ് സർവ്വീസും മറ്റും കൊടുക്കുമ്പോൾ നേരത്തെയുള്ള സ്ഥിതിയിൽനിന്ന് അതിന് ഉത്തരവാദിത്വം വേണമെന്നുള്ള നിലയിലാണ് എഗ്രിമെന്റും കാര്യങ്ങളുമൊക്കെ ഡിപ്പാർട്ട്മെന്റ് ആലോചിച്ചത്. അതിനകത്ത് അവർക്ക് ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ ഒഴിവാക്കാം. അവരുമായി സംസാരിക്കാം. അതുപോലെ ഒരുപാട് ജനങ്ങൾ വരുന്നതാണ്. അവിടെ കുറച്ച് സ്ഥലവും സൗകര്യവുമൊക്കെയില്ലെ

ങ്കിൽ ബുദ്ധിമുട്ടാണ്. പക്ഷേ അതൊക്കെ ഒരു ദിവസം പെട്ടെന്ന് നടപ്പിലാക്കി അവരെ വിഷമത്തിലാക്കുന്ന ഒരു സമീപനം ഗവൺമെന്റിനില്ല. അതുകൊണ്ട് ഐ.ടി. പ്രിൻസിപ്പൽ സെക്രട്ടറിയും മിഷൻ ഡയറക്ടറും അവരോട് സംസാരിച്ച് ബുദ്ധിമുട്ടില്ലാത്ത നിലയിൽ സമയം കൊടുത്ത് വിഷമമില്ലാത്ത രീതിയിൽ ഈ കാര്യങ്ങൾ ഡീൽ ചെയ്തോളാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ സമരം നടത്തേണ്ട കാര്യമൊന്നുമില്ല. കാരണം, ഇത് സംരംഭകരാണ്. ഈ പ്രോജക്ട് സെൽഫ് എംപ്ലോയ്മെന്റാണ്. അതുകൊണ്ടാണ് മൊണോപ്പോളിയൊന്നും വരരുത്, ഫ്രാഞ്ചൈസിയൊന്നും വരരുത് എന്നിങ്ങനെയൊക്കെയുള്ള സദുദ്ദേശമേ ഗവൺമെന്റിനുള്ളൂ. അവരുമായി നമുക്ക് സംസാരിക്കാം. സമരമൊന്നും ആവശ്യമില്ല. അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർണ്ണം പരിഗണിച്ച് അവരേയുംകൂടി ബോധ്യപ്പെടുത്തി മാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. അതുപോലെതന്നെ അവർക്ക് ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ഒഴിവാക്കാം. ഫാമിലിക്കുതന്നെ കുറേ സെന്ററെന്ന് വന്നപ്പോഴാണ്...... വിവാഹം കഴിക്കുന്നതിലുംമറ്റും കുഴപ്പമില്ല. ഒരു കുടുംബത്തിന് കുറേ സെന്ററെന്ന് ഉദ്ദേശിച്ചിട്ടില്ല. ഒരു സെൽഫ് എംപ്ലോയ്മെന്റ് എന്നുള്ള നിലയ്ക്കാണ് ഇത് വന്നത്. എന്നാലും വളരെ ഫ്ളെക്സിബിലിറ്റിയോടുകൂടിയുള്ള ഒരു സമീപനമേ ഗവൺമെന്റ് എടുക്കുകയുള്ളൂ.

## (3) വൈലത്തൂർ വിദ്യാഭ്യാസ ഉപജില്ല

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും വിദ്യാലയങ്ങളുള്ളതും ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നതും അദ്ധ്യാപകർ ജോലി ചെയ്യുന്നതുമായ ജില്ലയാണ് മലപ്പുറം. 2011-ലെ കണക്കുപ്രകാരം മലപ്പുറം ജില്ലയിലെ ജനസംഖ്യ

41,10,956 ആണ്. വിദ്യാലയങ്ങളുടെ കണക്കെടുക്കുമ്പോൾ 2011–12 വർഷത്തിൽ മലപ്പുറം ജില്ലയിൽ 1472 സ്കൂളുകളും ആലപ്പുഴയിൽ 763 സ്കൂളുകളുമാണുള്ളത്. 2012–13 അദ്ധ്യയന വർഷത്തിൽ 7,38,655 കുട്ടികളും മലപ്പുറം ജില്ലയിലുള്ളപ്പോൾ ആലപ്പുഴയിൽ 2,07,221–ഉം കോട്ടയത്ത് 1,90,879–ഉം ആണ്. ജില്ലയുടെ വിദ്യാഭ്യാസപരമായ ഉന്നതിക്കും ഭരണസൗകര്യത്തിനുമായി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുമുണ്ടെങ്കിലും മറ്റ് ജില്ലകളെ അപേക്ഷിച്ച് ആനുപാതികമായി അത് ഏറെ പരിമിതമാണ്. എന്റെ നിയോജകമണ്ഡലമായ താനൂരിൽ 83 സ്കൂളുകൾ പ്രവർത്തിക്കുന്നത് ഒരു വിദ്യാഭ്യാസ ഉപജില്ലാ ഓഫീസറുടെ കീഴിലാണ്. കേരളത്തിലെ മറ്റ് പല ഉപജില്ലകളിലും 25 സ്കൂളുകൾക്ക് ഒന്ന് എന്ന അനുപാതത്തിൽ പ്രവർത്തിക്കുമ്പോൾ 83 വിദ്യാലയങ്ങളുള്ള താനൂർ ഉപജില്ല രണ്ടായി വിഭജിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. താനൂർ നിയോജകമണ്ഡലത്തിലെ പൊൻമുണ്ടം വൈലത്തൂർ ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ഉപജില്ലകൂടി അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിച്ച് വൈലത്തൂർ ആസ്ഥാനമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണസൗകര്യത്തിനും പൊതുജനങ്ങൾക്കും അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്കും സമയബന്ധിതവും മെച്ചപ്പെട്ടതുമായ

സേവനം ലഭ്യമാക്കുന്നതിനുമാണ് പുതിയതായി വിദ്യാഭ്യാസ ജില്ല, ഉപജില്ല ഓഫീസുകൾ ആരംഭിക്കുന്നത്. ഒരു പ്രദേശത്തെ ഭൂമിശാസ്ത്രപരമായ വിസ്തൃതി, സ്കൂളുകളുടെ എണ്ണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം, താലൂക്ക്, പഞ്ചായത്ത് എന്നിവയുടെ എണ്ണം, ഓരോ സ്കൂളിൽനിന്നും വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ്സുകളിലേയ്ക്ക് എത്തിച്ചേരുവാനുള്ള ദൂരം എന്നിവയൊക്കെയാണ് വിദ്യാഭ്യാസ ഉപജില്ല ഓഫീസ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡം. താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിച്ച് വൈലത്തൂർ ആസ്ഥാനമായി പുതിയതായി ഒരു ഉപജില്ലാ ഓഫീസ് ആരംഭിക്കണമെന്നത് സംബന്ധിച്ച ശുപാർശയൊന്നും ഇപ്പോൾ നിലവിലില്ലായെന്ന വിവരം അറിയിക്കുന്നു. എന്നാൽ ശുപാർശ വരുന്ന സന്ദർഭത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (4) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗത്തിലെ കാലതാമസം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംസ്ഥാനത്തെ പുഴകളും നദികളും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉണ്ടാക്കിയത്. പക്ഷേ അതിന്റെ ഗുണം അനുഭവിക്കാൻ പുഴകളും നദിയോരങ്ങളും തകരുന്ന പ്രദേശത്തെ ജനങ്ങൾക്ക് ഇപ്പോൾ കഴിയുന്നില്ല. അതിന് പ്രധാനപ്പെട്ട കാരണം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമിതി ഉണ്ടാക്കണമെന്നും ആ സമിതിയാണ് അത്തരം പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകേണ്ടത് എന്നും വ്യവസ്ഥ നിലവിലുള്ളതുകൊണ്ടാണ്. ദൗർഭാഗ്യവശാൽ, സംസ്ഥാനത്ത് കഴിഞ്ഞ ഒരു കൊല്ലമായി അങ്ങനെയൊരു സമിതി പ്രവർത്തിക്കാത്തതിന്റെ ഫലമായി വിവിധ ജില്ലകളിൽ നിന്നും അനുമതിക്കായി സംസ്ഥാനതലത്തിലേയ്ക്ക് അയച്ചിട്ടുള്ള

പ്രവൃത്തികൾക്കൊന്നും 2011-12 വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടില്ല. എന്റെ ജില്ലയായ കോഴിക്കോട് 159 പ്രവൃത്തികൾ ഇങ്ങനെ സംസ്ഥാനതല സമിതിയുടെ അനുവാദം കാത്ത്, ഭരണാനുമതി കാത്ത് കിടക്കുകയാണ്. ഏതാണ്ട് 48 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. എല്ലാ ജില്ലകളിലും കളക്ടറുടെ അക്കൗണ്ടിൽ കോടിക്കണക്കിന് രൂപയുടെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാൻ കഴിയാത്തവിധം കെട്ടിക്കിടക്കുക യാണ്. പണമുണ്ടായിട്ടും പുഴകൾ സംരക്ഷിക്കാൻ കഴിയുന്നില്ല എന്ന ദുരവസ്ഥ അവസാനിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനതല സമിതി പെട്ടെന്നുതന്നെ ഇത്തരം കാര്യങ്ങളിൽ ഒരു തീരുമാനം എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിൽ ചെറിയൊരു മാറ്റംകൂടി ഞാൻ നിർദ്ദേശിക്കുകയാണ്, 25 ലക്ഷത്തിൽ താഴെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതിക്ക് അധികാരം കൊടുക്കുമെങ്കിൽ ഒരുപാട് കാര്യങ്ങൾ അവിടെ ചെയ്യാൻ കഴിയും. അതുകൂടി ഒന്നു പരിശോധിക്കണമെ ന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നേരത്തെ അനുവാദം കൊടുത്ത പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് കൊടുക്കാൻ നിയമമില്ലാത്ത തുകൊണ്ട് അത്തരം ജോലികൾ ഏറ്റെടുത്തുനടത്താൻ ആരും തയ്യാറാകാ ത്തതുമൂലം ആ പ്രവൃത്തിയും മുടങ്ങിക്കിടക്കുകയാണ്. ഇതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 50000 രൂപയിൽ കൂടുതൽ ചെലവ് വരുന്ന

പ്രൊപ്പോസലുകൾ ജില്ലാതല വിദഗ്ദ്ധ സമിതി ശുപാർശയിന്മേൽ സംസ്ഥാന ഉന്നതതല സമിതി അംഗീകരിച്ചാൽ മാത്രമേ ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ. 2001-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച് 2010 ജൂൺ 14-ന്റെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരമാണ് സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ 2011 ജൂൺ-ജൂലൈ മാസങ്ങളിൽ ചേർന്ന നിയമസഭാ സമ്മേളനത്തിൽ പരിഗണനയ്ക്ക് എടുക്കാതിരുന്നതിനാൽ 13/7/2011-ൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. പുതുക്കിയ ഭേദഗതി ഓർഡിനൻസ് വീണ്ടും 15/1/2013-ൽ പുറപ്പെടുവിക്കുകയും ആയത് 7/3/2013-ൽ 2013-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ആക്ടായി നിലവിൽ വരികയും ചെയ്തു. ഇതിന് 2012 നവംബർ 25-ാം തീയതി മുതൽ മുൻകാല പ്രാബല്യമുണ്ട്. 2001-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ 2(എ) വകുപ്പിലെ ഒന്നും രണ്ടും ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി 30/5/2013-ലെ നം. 232/2013/റവന്യൂ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 31/5/2013-ലെ എസ്.ആർ.ഒ. നമ്പർ 443/2013 എന്ന അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാന ഉന്നതതല സമിതി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ചേർന്ന് സർക്കാരിൽ ലഭ്യമായിട്ടുള്ള സംസ്ഥാനത്തിലെ വിവിധ നദീതീര സംരക്ഷണ പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തി അവയ്ക്ക് അംഗീകാരം നൽകുന്നതാണ്. ഈ സമിതിയുടെ യോഗം വരുന്ന ആഴ്ചയിൽതന്നെ കൂടുന്നതാണ്. ആ യോഗം

കൂടിക്കഴിഞ്ഞാൽ ഇപ്പോൾ നിലവിലുള്ള കാര്യങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ കഴിയുന്നതാണ്.

## (5) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതിലെ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, 2011-ൽ നടപ്പിലാക്കിയ ഒമ്പതാം ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിലെ ജീവന ക്കാർക്ക് ലഭ്യമാക്കുകയും അരിയേഴ്സ് അടക്കം അവിടത്തെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഗീത നാടക അക്കാദമി ജീവന ക്കാർക്കുമാത്രം ഇതുവരെയും അത് ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് അക്കാ ദമി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്ത് പല പ്രാവശ്യവും സർക്കാരി ലേയ്ക്ക് കത്തയച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തിരമായി ഒമ്പതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ആനുകൂല്യങ്ങൾ അരിയേഴ്സ് അടക്കം സംഗീത നാടക അക്കാദമി ജീവന ക്കാർക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടികളെടുക്കണമെന്ന് ആവശ്യപ്പെടുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ കേരള സംഗീത നാടക അക്കാദമി ജീവനക്കാർക്ക് ഒമ്പതാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന വിഷയത്തിൽ വലിയ കാലതാമസമുണ്ടായിട്ടുണ്ട്. സമാനമായ സമിതികളിൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയെങ്കിലും ഇവിടെ മാത്രം അതിന്

സാധിച്ചിട്ടില്ല. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പേ റിവിഷൻ സെല്ലിന്റെ പരിഗണനയിലാണ്. അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ സംഗീത നാടക അക്കാദമി ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) നിതാഖത് നിയമംമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. കെ. ബഷീർ: സർ, സൗദി അറേബ്യയിലെ നിതാഖാദ് നിയമം മൂലം അവിടെ നിന്ന് ഇങ്ങോട്ട് മടങ്ങിവരുന്ന കേരളീയർക്ക് പ്രത്യേക വിമാനം ഏർപ്പെടുത്തണമെന്നാണ് എന്റെ സബ്മിഷനിലെ ആവശ്യം. ഞാൻ കഴിഞ്ഞ ആഴ്ച സൗദി അറേബ്യ സന്ദർശിച്ചിരുന്നു. പ്രസ്തുത നിയമപ്രകാരം റിയാദിൽ രജിസ്റ്റർ ചെയ്ത 50000 ഇൻഡ്യാക്കാരിൽ 3000-ത്തോളം മലയാളികളുണ്ട്, അതുപോലെ ജിദ്ദയിൽ രജിസ്റ്റർ ചെയ്ത 26000 ആളുകളിൽ 750-ഓളം മലയാളികളുണ്ട്. പ്രധാനപ്പെട്ട ഒരു പ്രശ്നമെന്നത് ജൂൺ-ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സാധാരണയിൽ കവിഞ്ഞ് മൂന്ന് ഇരട്ടിയാണ് വിമാനയാത്രക്കൂലി വരുന്നത്. ഇത് കൊടുക്കാൻ അവർക്ക് കഴിയുന്നില്ല. പേപ്പർ ശരിയാക്കി ഒ.കെ.യാക്കിയ ടിക്കറ്റുമായി എയർപോർട്ടിലെത്തുമ്പോഴേയ്ക്കും സമയം കഴിഞ്ഞിട്ട് ടിക്കറ്റിൽ ക്ലോഷർ അടിക്കുകയാണ്. രണ്ടാമത് ടിക്കറ്റിനു വരുമ്പോൾ ഡിഫറൻസായി വലിയ ഒരു സംഖ്യയാണ് വരുന്നത്. അതുകൊണ്ട് ധാരാളം ആളുകൾക്ക് ഇങ്ങോട്ട് വരാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ട്. ജൂലൈ 3-നാണ് നിതാഖാതിന്റെ സമയപരിധി അവസാനിക്കുന്നത്, അത് മൂന്നു മാസം നീട്ടുമെന്ന് പറയുന്നുണ്ട്. എന്നിരുന്നാലും അവിടെ കുടുങ്ങിക്കിടക്കുന്ന കേരളീയരെ ഇവിടെ എത്തിക്കുന്നതിന് സംസ്ഥാന

ഗവൺമെന്റ് മുൻകൈയെടുത്ത് നോർമൽ ചാർജ് അവരിൽ നിന്നും ഈടാക്കിക്കൊണ്ട് ഒരു പ്രത്യേക വിമാനം ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ ഉന്നയിച്ചത് വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ജൂലൈ 3 ആണ് സൗദി അറേബ്യയിൽ രജിസ്ട്രേഷനുള്ള അവസാന തീയതി. ഇപ്പോൾത്തന്നെ 70000-ത്തോളം ഇൻഡ്യാക്കാർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അതിൽ ഏതാണ്ട് 6000 മലയാളികളുണ്ട്. അവിടെ എക്സിറ്റ് പാസ് കൊടുത്തുതുടങ്ങിയിട്ടുണ്ട്. അടുത്ത ആഴ്ച മുതൽ മടക്കയാത്രയുടെ തിരക്കുണ്ടാകും. ജൂൺ അവസാന വാരമാകുമ്പോഴേയ്ക്കും സ്കൂൾ അവധിയായതിനാൽ അവിടെ നിന്ന് മടങ്ങാനുള്ള മറ്റു യാത്രക്കാരുടെ തിരക്കുമുണ്ടാകും. ഈ സമയത്ത് ഇപ്പോഴത്തെ പോളിസി അനുസരിച്ച് എല്ലാ എയർലൈൻസും ഈടാക്കുന്ന ഭാരിച്ച ചാർജ്ജ് വലിയൊരു പ്രശ്നമാണ് ഉന്നയിക്കപ്പെടുന്നുണ്ട്. ഏതായാലും കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. നമ്മുടെ ആവശ്യം എക്സിറ്റ് പാസ് കൊടുക്കുന്ന എല്ലാ ആളുകൾക്കും സാധാരണ ചാർജ്ജിന് യാത്ര ചെയ്യാനുള്ള അവസരമുണ്ടാകണമെന്നതാണ്. കുവൈറ്റിലെ ഇവാക്യുവേഷൻ സമയത്തുണ്ടായതുപോലെ അടിയന്തിരമായി ഇടപെടാനും മടങ്ങിവരാനുള്ള സൗകര്യമുണ്ടാക്കാനും വേണ്ടി വന്നാൽ എയർ ഇൻഡ്യ പ്രത്യേകമായ സർവ്വീസ് ഏർപ്പെടുത്തണമെന്നും മുഖ്യമന്ത്രി തന്നെ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഇതുവരെയുള്ള നടപടികൾ തൃപ്തികര

മാണെങ്കിലും അവസാനനിമിഷം മടങ്ങിവരാനുള്ള പ്രശ്നവും പരിഹരിക്കാൻ നമുക്ക് കഴിയണം. തീർച്ചയായും ഇക്കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണുന്നതാണ്.

**(7) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ**

ശ്രീ.കെ. ദാസൻ: സർ, കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഹാർബർ നിർമ്മാണ ത്തിന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ അവസാനിപ്പിച്ചിരിക്കുക യാണ്. മുടങ്ങിക്കിടക്കുന്ന മറ്റ് നിരവധി നിർമ്മാണ പ്രവർത്തനങ്ങളുണ്ട്. പ്രധാനമായും യാർഡിൽ മണ്ണ് നിറക്കാനാവശ്യമായ ഒരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. നേരത്തെ പറഞ്ഞത് കടലോരത്തുതന്നെ പുലിമുട്ടിൽനിന്ന് വന്നിട്ടുള്ള മണ്ണ് എടുക്കാം എന്നുള്ളതാണ്. എന്നാൽ ഇപ്പോൾ ഉദ്യോഗസ്ഥ ന്മാർ പറയുന്നത് അവിടെ മണ്ണില്ല എന്നാണ്. പുറത്തുനിന്ന് മണ്ണെടുക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. ബന്ധപ്പെട്ട ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എന്നാണ് ഞാൻ അറിഞ്ഞത്. അതോടൊപ്പംതന്നെ ലേക്ക് വാട്ടറിന്റെ നീളം കുറഞ്ഞതിന്റെ ഭാഗമായി 85 മീറ്റർകൂടി ലേക്ക് വാട്ടറിന്റെ നീളം കൂട്ടേണ്ടതാ യിട്ടുണ്ട്. അത് നീട്ടുന്നതിനാവശ്യമായ നടപടി അടിയന്തരമായി ഉണ്ടാകണം. അതോടൊപ്പംതന്നെ വാട്ടർ ടാങ്കിന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കു ന്നത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതിയാണ്. ആ സ്ഥലം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. ഡിപ്പാർട്ടുമെന്റിന്റെ അനുമതി കിട്ടിയാൽ മാത്രമേ വാട്ടർ ടാങ്കിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയൂ. അതോ ടൊപ്പംതന്നെ ലേലപ്പുര, ക്യാന്റീൻ, ഷോപ്പുമുറികൾ, പാർക്കിംഗ് ബ്ലോക്ക്,

ലോഡിംഗ് ബ്ലോക്ക്, ടോയ്ലെറ്റ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, ഡ്രെയിനേജ്, വൈദ്യു തീകരണം ഇതൊന്നും അവിടെ നടന്നിട്ടില്ല. ഈ പ്രവർത്തി ഏതാണ്ട് പൂർത്തി യാകേണ്ട കാലം കഴിഞ്ഞു. ദീർഘകാലമായി ഈ പ്രവർത്തി ഇങ്ങനെ മുന്നോട്ടുപൊകുന്നു. ഇതിന്റെ ബന്ധപ്പെട്ട എസ്റ്റിമേറ്റുകളെല്ലാം തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിലൂടെ കേന്ദ്ര ഗവൺമെന്റിന് സബ്മിറ്റ് ചെയ്തിട്ടുണ്ടെ ന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഇന്നത്തെ അവസ്ഥ എന്താണ് എന്നറിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തരശ്രദ്ധ ചെലുത്തി ഈ പ്രവർത്തി എത്രയുംവേഗം പൂർത്തിയാക്കണം. മത്സ്യബന്ധന ത്തിലേർപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് വഞ്ചികളും യാനങ്ങളും അടുപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുപോലെതന്നെ ഇപ്പോൾ ഫിഷിംഗ് ഹാർബറായ പുതി യാപ്പയിലും അതുപോലുള്ള ഹാർബറുകളിലേയ്ക്കുമാണ് തോണി അടുപ്പി ക്കുന്നത്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ചിരകാലാഭിലാഷമായ ഈ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കിക്കൊടുക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണ ത്തിന് 35.45 കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്നു. 19-03-2012-ൽ പ്രധാന ഇനമായ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടേയും നിർമ്മാണം പൂർത്തിയായി. എന്നാൽ പരിസരവാസികളുടെ എതിർപ്പുമൂലം ഡ്രഡ്ജിംഗ് നടത്തുവാൻ

സാധിച്ചില്ല. അതേത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 01-07-2011-നും ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പലപ്രാവശ്യവും ചർച്ചകൾ നടത്തിയിരുന്നു. ഡ്രഡ്ജിംഗ് റിക്ലമേഷൻ പ്രവർത്തികൾ പൂർത്തിയായാൽ മാത്രമേ ജലസംഭരണി, കിണർ, ജലവിതരണ പൈപ്പ്ലൈൻ, ക്യാന്റീൻ, ടോയ്‌ലെറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ, ആന്തരിക റോഡുകൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഫിഷിംഗ് ഹാർബർ ബേസിനിൽ അടിഞ്ഞുകൂടിയ ചെളി സ്റ്റെബിലൈസ് ചെയ്ത് റിക്ലമേഷൻ പ്രവർത്തികൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി കോഴിക്കോട് എൻ.ഐ.റ്റി.-യെ ഏൽപ്പിച്ചു. അന്തിമറിപ്പോർട്ട് ലഭിച്ചിട്ടില്ല. പദ്ധതി 31-03-2011-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി 61.13 കോടി രൂപയുടെ ഒരു കോംപ്രഹെൻസീവ് റിപ്പോർട്ട് 21-12-2012-ൽ കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 2013 മാർച്ച് 8-ാം തീയതി ഹാർബർ ചീഫ് എഞ്ചിനീയർ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് കേന്ദ്ര കൃഷിമന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച ചെയ്തിട്ടുണ്ട്. അദ്ദേഹം നിർദ്ദേശിച്ച ഭേദഗതികൾകൂടി എൻ.ഐ.റ്റി.-യുടെ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത് കേന്ദ്ര ഗവൺമെന്റിൽ ഉടനെ സമർപ്പിക്കുന്നതുമാണ്. പ്രവർത്തിക്കായി നബാർഡിൽനിന്നുള്ള 47.72 കോടിരൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. കോംപ്രഹെൻസീവ് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാക്കി പദ്ധതി മേയ് മാസത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. മത്സ്യ

ത്തൊഴിലാളികൾക്ക് കുറെ പ്രയാസമുണ്ട് എന്നുള്ളത് വസ്തുതയാണെങ്കിലും ഈ പ്രവർത്തി കൃത്യസമയത്ത് നടക്കാതെപോയതിന് അവിടത്തെ ജനങ്ങളുടെ എതിർപ്പുകൂടി കാരണമായിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാം. എം.എൽ.എ.- യുടെ ആവശ്യപ്രകാരം ഞാൻ പലപ്രാവശ്യം ഇതിന്റെ റിവ്യൂ നടത്തിയിട്ടുണ്ട്. അതുകൂടാതെ കേന്ദ്രമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും എം.എൽ.എ.-യുംകൂടി കോഴിക്കോട് ഗസ്റ്റ്ഹൗസിൽവച്ച് റിവ്യൂ നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ എസ്റ്റിമേറ്റിനുള്ള അനുമതി പ്രതീക്ഷിച്ചിരിക്കുകയാണ്. എന്തായാലും മേയ് മാസത്തിൽ ഇത് പൂർത്തിയാക്കാൻ സാധിക്കും.

### (8) പേരാവൂർ സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിൽ ഏറ്റവും പ്രശംസ അർഹിക്കുന്ന പ്രവർത്തികളാണ് സമീപ വർഷങ്ങളിൽ മരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ പി.ഡബ്ല്യൂ.ഡി. സെക്ഷൻ ഓഫീസുകൾക്ക് പ്രധാന പങ്കുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റും മറ്റും തയ്യാറാക്കുന്നതും മേൽനോട്ടം വഹിക്കുന്നതും അവിടെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരാണ്. സെക്ഷൻ ഓഫീസുകൾ പലതും അശാസ്ത്രീയമായാണ് രൂപീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന്, എന്റെ നിയോജകമണ്ഡലത്തിൽ 385 കി.മീ. പി.ഡബ്ല്യൂ.ഡി. റോഡുണ്ട്. മലയോരപ്രദേശത്ത് റോഡ് ദൈർഘ്യം കൂടുതലാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കേവലം ഒരു സെക്ഷൻ ഓഫീസ് മാത്രമാണ് ഇന്നുള്ളത്. ഇനിയും കൂടുതലായി പഞ്ചായത്ത് റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തത്

പ്രവൃത്തികൾക്കാവശ്യമായ ശ്രദ്ധ കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കുന്നു. ഇത് ഒരു സ്ഥലത്തുമാത്രമല്ല. ബഹു. ഗ്രാമവികസന മന്ത്രിയുടെ നിയോജകമണ്ഡലമായ ഇരിക്കൂറിൽ 462 കി.മീ. റോഡ് ദൈർഘ്യമാണുള്ളത്. അതുപോലെ കോതമംഗലം നിയോജക മണ്ഡലത്തിൽ ഏതാണ്ട് 400 കി.മീറ്ററിലധികം റോഡാണുള്ളത്. അവിടെയൊക്കെ ഒരു സെക്ഷൻ ഓഫീസ് മാത്രമാണുള്ളത്. 50 കി.മീറ്ററിൽ താഴെമാത്രം പി.ഡബ്ല്യൂ.ഡി റോഡുള്ള നിയോജകമണ്ഡലങ്ങൾ കേരളത്തിലുണ്ട്. അതുപോലെ മൂന്ന് സെക്ഷൻ ഓഫീസുകളുള്ള ചില നിയോജകമണ്ഡലങ്ങളുമുണ്ട്. ഇങ്ങനെ മൂന്ന് സെക്ഷൻ ഓഫീസുകളുള്ള നിയോജകമണ്ഡലങ്ങളിൽ ഒരു സെക്ഷൻ ഓഫീസ് മാത്രമുള്ള പേരാവൂർ, ഇരിക്കൂർ തുടങ്ങിയ മലയോര നിയോജകമണ്ഡലങ്ങളിലുള്ളത്ര റോഡ് ദൈർഘ്യം ഇല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പാരിറ്റി ഉണ്ടാകണം. അതിവിസ്തൃതമായിട്ടുള്ള നിയോജക മണ്ഡലങ്ങളിൽ റോഡ്ദൈർഘ്യത്തിന്റെ മാനദണ്ഡം കണക്കിലെടുത്ത് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കണം. അതിലൊരു സെക്ഷൻ ഓഫീസ് പേരാവൂരിൽ ആരംഭിക്കണം എന്ന എന്റെ അഭ്യർത്ഥന ബഹുമാനപ്പെട്ട സ്പീക്കർവഴി ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ ഒരു സെക്ഷൻ ഓഫീസെങ്കിലും വരത്തക്കരീതിയിൽ സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച പഠനത്തിന് സർക്കാർ നാറ്റ്പാക്-നെ

ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ 14 ജില്ലകളെയും സംബന്ധിച്ച പഠന റിപ്പോർട്ട് നാറ്റ്പാക് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കൽ പ്രായോഗികമല്ലാത്തതിനാൽ ജില്ലകളിലെ അധികമായുള്ള സെക്ഷനുകൾ ചീഫ് എഞ്ചിനീയർ കണ്ടെത്തുകയും അതനുസരിച്ച് പുതുക്കിയ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 140 നിയമസഭാ മണ്ഡലങ്ങളും 174 സെക്ഷനുകളുമുണ്ട്. ചില നിമയസഭാ മണ്ഡലങ്ങളിൽ സെക്ഷൻ ഓഫീസുകൾ നിലവിലില്ല. ഇതുമൂലം എം.എൽ.എ.-മാർക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു സെക്ഷൻ ഓഫീസ് എന്നത് ഉറപ്പുവരുത്താനാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതനുസരിച്ചുള്ള ക്രമീകരണം പേരാവൂർ നിയോജക മണ്ഡലത്തിലും വരുത്തുന്നതാണ്.

## (9) പുലിമുട്ട് നിർമ്മാണം

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം നാലാമത്തെ തവണയാണ് ഈ സഭയിൽ അമ്പലപ്പുഴ തീരപ്രദേശത്ത് 30 കി.മീറ്റർ കടൽത്തീരം ഒരു കല്ലുപോലും വയ്ക്കാതെ കടലാക്രമണത്തിന് തുറന്നുകൊടുക്കുന്നതിനെതിരെ ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞ 3 തവണ സബ്മിഷൻ ഉന്നയിച്ചപ്പോൾ ശ്രീ. പി.ജെ. ജോസഫ് അവർകൾ നൽകിയ മറുപടികൾ- 150 മീറ്റർ ഇടവിട്ട് പുലിമുട്ട് നിർമ്മിക്കുന്നതുൾപ്പെടെ 750 കോടിരൂപയുടെ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്- 15 മാസം കഴിഞ്ഞിട്ടും ഒന്നും സംഭവിച്ചിട്ടില്ല. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ അടിയന്തരമായി 225 മീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുവേണ്ടി 26

-07-2012 (ഒരു വർഷം ആകാൻ പോകുന്നു)-ൽ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ 300 മീറ്റർ കടൽഭിത്തി കെട്ടുന്നതിന് ഭരണാനുമതി - 11 മാസമായിട്ടും യാതൊന്നും ചെയ്തിട്ടില്ല. മറ്റൊരു സബ്മിഷന് നൽകിയ മറുപടിയിൽ നൽകിയിരിക്കുന്ന ഉറപ്പ് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി പുറക്കാട് കടപ്പുറത്ത് ഈ വർഷം 300 മീറ്റർ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ് എന്നാണ്. ഇതുവരെ ഒന്നും ചെയ്തിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ (2011-2012)-ൽ രണ്ട് വർഷം മുമ്പ് കേരളത്തിന്റെ കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി പുലിമുട്ട് നിർമ്മാണം നടപ്പിലാക്കാൻ പന്ത്രണ്ടരക്കോടിരൂപ നീക്കിവച്ചിട്ടുണ്ട്. ഒന്നും ചെയ്തിട്ടില്ല. എല്ലാ ഉറപ്പുകളും ലംഘിച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധമാകുന്ന തിരമാലകളുടെ മുകളിൽ നിന്നുകൊണ്ടാണ് ഞാൻ ഈ ആക്ഷേപം ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ 30 കി.മീ. ദൂരത്തിൽ, രണ്ടുവർഷത്തിനുള്ളിൽ പുലിമുട്ടിനായി ഒരു കല്ലുപോലും വച്ചിട്ടില്ല. ഏത് ഗവൺമെന്റ് വന്നാലും കുറച്ച് കെട്ടും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ മന്ത്രികൂടി ആയിരുന്നപ്പോൾ അത് നല്ല നിലയിൽ പണിതു. ബാക്കിയുള്ള ഗ്യാപ് ഫില്ല് ചെയ്യാനാണ്. ഒരു കല്ലുപോലും വച്ചിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിൽ പുലിമുട്ട് കെട്ടുമെന്ന് പറഞ്ഞെങ്കിലും അവിടെയും ചെയ്തിട്ടില്ല. കേരളത്തിലെ 500 കി.മീ. കടൽത്തീരത്തിൽ എവിടെയെങ്കിലും പുലിമുട്ടുകൾ കെട്ടിയിട്ടുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര

ഗവൺമെന്റിൽ സമർപ്പിച്ചിരുന്നു. നിങ്ങൾ അതിനെ തിരിഞ്ഞുനോക്കിയിട്ടില്ല. സ്കൂളുകളെല്ലാം ഇപ്പോൾ ക്യാമ്പുകളായി മാറുകയാണ്. അങ്ങ് മന്ത്രി യായശേഷം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഇത്രയധികം അപമാനിച്ച ഒരു ഗവൺമെന്റ് ഇതുവരെ ഉണ്ടായിട്ടില്ല. എന്റെ മണ്ഡലത്തിലെ വട്ടയാൽ സെന്റ് മേരീസ് ഹൈസ്കൂൾ, ആലപ്പുഴ സെന്റ് ആന്റണീസ് ഹൈസ്കൂൾ, പുന്നപ്ര സെന്റ് ജോൺസ് ഹൈസ്കൂൾ എന്നീ സ്കൂളുകളിലെ മത്സ്യത്തൊ ഴിലാളികളുടെ മക്കൾ അങ്ങയെക്കുറിച്ച് വരച്ച 3 ചിത്രങ്ങൾ നിയമസഭയിൽ കാണിക്കാൻ വേണ്ടി എന്നെ ഏൽപ്പിച്ചിരിക്കുകയാണ്. xxxxx[1] (ചിത്രങ്ങൾ ഉയർത്തിക്കാണിച്ചു). കുട്ടികൾ വരച്ച ചിത്രമാണ്. കലാകാരനും ഗായകനുമായ ശ്രീ. പി.ജെ. ജോസഫ് കടലിന്റെ മക്കളെ കടലിന് വിട്ടുകൊടു ത്തിരിക്കുന്നു. ...........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ജി. സുധാകരൻ, ആരെക്കൊണ്ടെങ്കിലും ഒരു ചിത്രം വരപ്പിച്ചിട്ട് ഒരു മന്ത്രിയെക്കുറിച്ച് ഇങ്ങനെ പറയുന്നത് ശരിയല്ല. ആ പരാമർശം ശരിയല്ല. ഇത് രേഖയിൽ ഉണ്ടാവില്ല.

<u>ശ്രീ. ജി. സുധാകരൻ:</u> ശരിയല്ലെങ്കിൽ മാറ്റിക്കോ. ഞാൻ പറഞ്ഞതല്ല. സ്കൂൾ കുട്ടികൾ വരച്ച ചിത്രമാണ് ഞാൻ കാണിച്ചത്. നിങ്ങൾ രേഖ യിൽനിന്ന് മാറ്റുകയോ എന്ത് വേണമങ്കിലും ചെയ്തോ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇങ്ങനെ പറയുന്നത് ശരിയല്ല. അങ്ങയെ പ്പോലെ സീനിയറായ, അഞ്ചുവർഷം മന്ത്രിയായിരുന്ന ഒരു മെമ്പർ ഇങ്ങനെ പറയുന്നത് ശരിയല്ല.

---

[1] രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. ജി. സുധാകരൻ: മന്ത്രിയായ കാര്യത്തെക്കുറിച്ച് പറയണ്ട. നിങ്ങളുടെ ഔദാര്യംകൊണ്ടല്ല മന്ത്രിയായത്. നിങ്ങൾ കൂടുതൽ വർത്തമാനമൊന്നും പറയണ്ട. ദേ നോക്കൂ, (ചിത്രങ്ങൾ കാണിച്ചു) മന്ത്രി കടപ്പുറത്ത് കുത്തിയിരിക്കുകയാണ്. തൊഴിലാളികൾ വീട്, തെങ്ങിൻതോപ്പ്, വള്ളം എന്നിവ ഉപേക്ഷിച്ച് ഓടുകയാണ്. xxxxxx[2] എന്ന മട്ടിൽ കുട്ടികൾ വരച്ച ചിത്രം എന്നാണ് ഞാൻ പറഞ്ഞത്. . അതുകൊണ്ട് നിങ്ങളുടെ സൗകര്യം പോലെ ചെയ്തോ. ഒന്നും നടക്കില്ല. നിങ്ങൾ വെള്ളം വിറ്റ് കാശ് വാങ്ങുന്ന ആളാണ്. മി. പി.ജെ. ജോസഫ്, നിങ്ങൾ ഒരു ഗായകനാണ്. നിങ്ങളോടൊപ്പം സന്തോഷത്തോടെ ഞാൻ വന്നിട്ടുണ്ട്. നിങ്ങൾ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പറായിരുന്നപ്പോൾ ഞാൻ എസ്.എഫ്.ഐ.-യുടെ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്നു. ............

മി. ഡെപ്യൂട്ടി സ്പീക്കർ: അഞ്ചുവർഷം മന്ത്രിയായിരുന്ന അങ്ങ് ഇങ്ങനെ ഒരു പരാമർശം നടത്തിയത് ശരിയായില്ല.

ശ്രീ. ജി. സുധാകരൻ: സർ, ശരിയായില്ലെങ്കിൽ നിങ്ങൾ അത് മാറ്റിക്കോ. ഞാൻ പറഞ്ഞത് എന്റെ നാട്ടിലെ കുട്ടികൾ വരച്ച ചിത്രത്തെക്കുറിച്ചാണ്. ഞാൻ അങ്ങോട്ട് ഇറങ്ങിവരാത്തത് എന്റെ മര്യാദകൊണ്ടാണ്. ഞാനിവിടെ കുത്തിയിരിക്കേണ്ടതാണ്. ഞങ്ങളെ വെറുതെ പ്രകോപിപ്പിക്കരുത്. എന്റെ പാർട്ടിയുടെ അനുവാദമില്ലാത്തതിനാലാണ്. ഞാനിവിടെ നിരാഹാരം കിടക്കും. കടലാക്രമണത്തിൽ ഏതെങ്കിലും ഒരു മത്സ്യത്തൊഴിലാളി മരിച്ചാൽ ജോസഫിനെ ഞാൻ വെറുതെ വിടില്ല. ഞാൻ അവസാനിപ്പിക്കുന്നു.

[2] രേഖയിൽ നിന്നും നീക്കം ചെയ്തു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ പരാമർശം രേഖകളിൽനിന്ന് നീക്കം ചെയ്തിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, കടലാക്രമണത്തിന്റെ വ്യാപ്തി കണക്കാക്കിയാണ് 750 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചത്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ നിന്നുകൊണ്ട് മാത്രം ചെയ്യാവുന്ന കാര്യങ്ങളല്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഞാനും ശ്രീ. കെ. സി. വേണുഗോപാലും ചേർന്ന് കേന്ദ്ര ഗവൺമെന്റിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്, തീരുമാനമെടുത്തിട്ടില്ല. അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് കടൽക്ഷോഭമുണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴയിലെ കടലാക്രമണവുമായി ബന്ധപ്പെട്ട് 435 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ തീരപ്രദേശത്തെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് പുറക്കാട് പഞ്ചായത്തിലെ പൂന്തുറ ഭാഗത്ത് 600 മീറ്റർ കടൽത്തീരം സംരക്ഷിക്കുന്നതിനായി 3.75 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയുണ്ടായി, അതിന്റെ നടപടിയുണ്ടാകുന്നതാണ്. കൂടാതെ പുറക്കാട് പഞ്ചായത്തിൽ നാലു കിലോമീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനായി സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തുകയും 16-05-2013-ൽ പഠന റിപ്പോർട്ട് ലഭിക്കുകയുമുണ്ടായി. അതിൻപ്രകാരം പൂന്തുറ ഭാഗത്ത് നാല് പുലിമുട്ടുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക നടപടികൾ പൂർത്തീകരിച്ചുവരുന്നു. ബാക്കി

യുള്ള 24 കി.മീ. ദൂരം പുലിമുട്ട് നിർമ്മിക്കുവാൻ സി.ഡബ്ല്യു.സി.-(സെൻട്രൽ വാട്ടർ കമ്മീഷൻ) യിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് നബാർഡിന്റെ സഹായ സഹകരണത്തോടെ പൂർത്തിയാക്കാനുള്ള ശ്രമം നടന്നുവരികയാണ്. ഈ പുലിമുട്ട് നിർമ്മാണത്തിലൂടെ ഫിഷിംഗ് ഗ്യാപ്പ് വഴിയുള്ള കടൽക്ഷോഭ നഷ്ടങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും.

## (10) മാലിന്യസംസ്കരണ പ്ലാന്റ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബ്രഹ്മപുരത്ത് പ്ലാസ്റ്റിക് മാലിന്യത്തിന് തീപിടിച്ചതുമായി ബന്ധപ്പെട്ട് അവിടത്തെ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് 2013 ഫെബ്രുവരി 18-ാം തീയതി ഒരു സബ്മിഷൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിയമസഭാ കോംപ്ലക്സിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും അതിൽ കൊച്ചി കോർപ്പറേഷൻ മേയറും കോർപ്പറേഷൻ സെക്രട്ടറിയും കോർപ്പറേഷൻ പരിധിയിലുള്ള എം.എൽ.എ.മാരും പങ്കെടുക്കുകയുണ്ടായി. ആ യോഗത്തിൽ കുറേ തീരുമാനങ്ങളെടുക്കുകയും ചെയ്തു. മൂന്നുമാസംകൊണ്ട് ആ തീരുമാനങ്ങൾ നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി കോർപ്പറേഷനോട് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനങ്ങളൊന്നുംതന്നെ മൂന്നുമാസം കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടില്ല. ശുദ്ധജല സ്രോതസ്സായ കടമ്പ്രയാറിലേയ്ക്ക് മലിനജലം ഒഴുകുന്നത് തടയാൻവേണ്ടി സംരക്ഷണഭിത്തി നിർമ്മിക്കുക, ഗ്രീൻ ബെൽറ്റ് നിർമ്മിക്കുക, ഒരു വർഷത്തിനുള്ളിൽ അത്യാധുനിക പ്ലാന്റ് നിർമ്മിക്കുക എന്നുള്ളതെല്ലാ

മായിരുന്നു അന്നത്തെ യോഗത്തിലെടുത്ത തീരുമാനം. പ്ലാസ്റ്റിക് മാലിന്യം ഇവിടെ സംസ്കരിക്കാതെ അത് പുറത്തേയ്ക്ക് കയറ്റി അയക്കാനുള്ള നടപടി കളെടുക്കുമെന്നും കോർപ്പറേഷനധികൃതർ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പ് കൊടുത്തിരുന്നതാണ്. മൂന്ന് മാസം കഴിഞ്ഞിട്ടും ഈ കാര്യങ്ങളൊന്നുംതന്നെ പാലിച്ചിട്ടില്ല. ഇപ്പോഴും അവിടെ പ്ലാസ്റ്റിക് മാലിന്യം ഡമ്പ് ചെയ്യുന്നതുമൂലം ആ പരിസരത്ത് താമസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അവർ സമരത്തിലേയ്ക്ക് നീങ്ങേണ്ടതായ ആവശ്യമുണ്ടാകും അതുകൊണ്ട് അടിയന്തരമായി കോർപ്പറേഷൻ അധികൃതരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ചുചേർത്ത് ഈ കഴിഞ്ഞ മൂന്നുമാസങ്ങൾക്കുള്ളിൽ നടത്താമെന്നു പറഞ്ഞിരുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാം കുഴി അലി): സർ, ബ്രഹ്മപുരത്ത് പി.പി.പി. അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ 2012 ഏപ്രിൽ മാസം മുതൽ ആരംഭിച്ചിരുന്നു. പ്ലാന്റ് സ്ഥാപിക്കാനായി അഞ്ച് ഏജൻസികളിൽനിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ രൂപീകരിച്ച ഒരു സാങ്കേതിക സമിതി വിലയിരുത്തുകയും അതിൽ ഏറ്റവും കുറഞ്ഞ വൈദ്യുത നിരക്ക് ആവശ്യപ്പെട്ട കമ്പനിയും രണ്ടാമത് വന്ന കമ്പനിയും സമർപ്പിച്ച ഫൈനാൻഷ്യൽ ബിഡ് പരിശോധിച്ചതിൽ ചില പോരായ്മകൾ ഉണ്ടെന്ന് കണ്ടതിനാൽ ടെണ്ടർ റദ്ദ് ചെയ്യണമെന്ന ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പരിഗണിച്ച് അവിടെ

പ്ലാന്റ് സ്ഥാപിക്കാൻ നടത്തിയ ടെണ്ടറുകൾ റദ്ദ് ചെയ്യുന്നതായി 18-05-2013-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. അവിടത്തെ മാലിന്യ സംസ്കരണ പ്ലാന്റിന് സമീപത്ത് കൂട്ടിയിരുന്ന മാലിന്യങ്ങൾക്ക് തീപിടിച്ചതുമായി ബന്ധപ്പെട്ട് 2013 ജനുവരി 15-നു വിളിച്ചുചേർത്ത യോഗത്തിൽ 2014 മാർച്ചിനകം ആധുനിക പ്ലാന്റ് സ്ഥാപിക്കുമെന്ന തീരുമാനമടുത്തിരുന്നു. അതുപ്രകാരം സ്വിസ്സ് ചാലഞ്ച് (Swiss challenge) രീതിയിൽ നവീന പ്ലാന്റ് സ്ഥാപിക്കാൻ നടപടിയെടുക്കാനായി കൊച്ചി കോർപ്പറേഷനെ അനുവദിച്ചു കൊണ്ട് 14-05-2013-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കി നവീന പ്ലാന്റ് നിർദ്ദിഷ്ട കാലാവധിക്കകം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കഴിഞ്ഞ യോഗത്തിലെടുത്ത തീരുമാനങ്ങളായ അവിടെ കോമ്പൗണ്ട് വാൾ നിർമ്മിക്കുക, പ്ലാന്റിന്റെ പരിസരത്ത് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുക, അവിടെ കൂടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്യാപ് ചെയ്യുക എന്നീ തീരുമാനങ്ങളിൽ വേണ്ടത്ര പുരോഗതി ഉണ്ടാകാത്തതിനാൽ ഇവ സമയബന്ധിതമായി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ എത്രയും വേഗം കൊച്ചി നഗരസഭാ മേയറേയും മറ്റും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി അതിനുള്ള പ്രശ്ന പരിഹാരം നടത്തുന്നതാണ്.

**(11) പന്തളം മുനിസിപ്പാലിറ്റിയാക്കൽ**

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പന്തളം ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റി ആക്കി ഉയർത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വളരെയേറെ വികസന സാധ്യതയുള്ളതും നാഗരിക സ്വഭാവം ഏറെയുള്ളതുമായ പ്രദേശ

മാണ് പന്തളം. രണ്ടുപതിറ്റാണ്ടിനപ്പുറം, പന്തളത്തെ മുനിസിപ്പാലിറ്റിയാക്കി നിശ്ചയിച്ചിരുന്നു. എന്നാൽ പിന്നീട് അതിനെ പഞ്ചായത്ത് ആക്കി മാറ്റുക യാണ് ഉണ്ടായത്. നിരവധി പ്രൊഫഷണൽ കോളേജുകളടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളുമുള്ള പത്തനംതിട്ട ജില്ലയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് പന്തളം. അയ്യപ്പനുമായി ബന്ധപ്പെട്ട ഐതീ ഹ്യപ്പെരുമയിൽ പ്രാഥമിക പരിഗണന നൽകേണ്ട പന്തളം ഗ്രാമപഞ്ചായത്ത് വികസന ഭൂപടത്തിലില്ലാതെ പോകുന്ന ദുരവസ്ഥ ഒഴിവാക്കി പന്തളത്തെ ഉടൻ മുനിസിപ്പാലിറ്റിയാക്കി പ്രഖ്യാപിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇൻഡ്യൻ ഭരണഘടനയുടെ ഖണ്ഡം 243 Q ( 2) പ്രകാരം ഒരു സ്ഥലത്ത് ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശസ്വയംഭ രണ സ്ഥാപനങ്ങളുടെ വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസി പ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം. 1994-ലെ കേരള മുനിസി പ്പാലിറ്റി ആക്ടിലെ ക്ലോസ് 4(2)(f) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാ നത്തെ നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാ ലിറ്റി ആക്കാവുന്നതും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയോട് ചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്ന

തുമാണ്. പന്തളം പഞ്ചായത്തിനെ 1990-ൽ മുനിസിപ്പാലിറ്റിയായി ഉയർത്തിയെങ്കിലും അവിടുത്തെ ജനങ്ങളുടെ പ്രക്ഷോഭം കാരണം 1993-ൽ വീണ്ടും പഞ്ചായത്താക്കി. ഈരാറ്റുപേട്ട, കൂത്താട്ടുകുളം, മണ്ണാർക്കാട്, കാഞ്ഞിരപ്പള്ളി തുടങ്ങിയ പഞ്ചായത്തുകളും 1990ൽ മുനിസിപ്പാലിറ്റി ആക്കുകയും വീണ്ടും 1993-ൽ പഞ്ചായത്താക്കുകയുമുണ്ടായി. ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം പരിഗണിക്കുന്നതാണ്. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 4(2)(എ), (ബി) ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ പന്തളം ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കി മാറ്റാനുള്ള നടപടികൾ നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക്, അതായത് 2015-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന് ഒരു വർഷം മുമ്പായി മാത്രമേ പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ.

### (12) തൃശ്ശൂർ ജില്ലയിലെ ഗുണ്ടാ/മാഫിയ വിളയാട്ടം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക തലസ്ഥാനമായിട്ടാണ് തൃശ്ശൂർ ജില്ല അറിയപ്പെടുന്നത്. എന്നാൽ ഇപ്പോൾ അത് ഗുണ്ടകളുടെയും മാഫിയകളുടെയും കൊലയാളികളുടെയും തലസ്ഥനമായി മാറിയിരിക്കുകയാണ്. അത്രയ്ക്കധികം കൊള്ളയും കൊലയും പിടിച്ചുപറിയുമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാസം മേയ് 26-ന്

അത്താണിയിൽ, തൊമ്മാനവീട്ടിൽ വിപിൻ എന്ന ഗുണ്ടയെത്തേടി വീട്ടിലെത്തിയ ഗുണ്ടകൾ വിപിന്റെ പിതാവായ വിൻസന്റിനെ കൊലപ്പെടുത്തുകയുണ്ടായി. കൂടാതെ, 01-06-2013-ൽ തൃശ്ശൂർ ജില്ലയുടെ ഭരണസിരാകേന്ദ്രമായ അയ്യന്തോളിൽ നമ്മുടെ നാടിനെയാകെ നടുക്കിയ ഒരു കൊലപാതകം നടക്കുകയുണ്ടായി. കോൺഗ്രസ്സിന്റെ മണ്ഡലം സെക്രട്ടറിയും അറിയപ്പെടുന്ന ക്ഷേത്രകമ്മിറ്റി ഭാരവാഹിയുമായ മധു ഈച്ചരത്ത് ഭാര്യയോടൊപ്പം ക്ഷേത്രദർശനം കഴിഞ്ഞ് പുറത്തുവന്നപ്പോൾ ഒരു സംഘം ഗുണ്ടകൾ ഓട്ടോറിക്ഷ ഇടിച്ച് തെറിപ്പിക്കുകയും മാരകമായി വെട്ടിയും കുത്തിയും കൊലപ്പെടുത്തുകയും ചെയ്തു. ഭീകരമായ കൊലപാതകമാണ് അവിടെ നടന്നത്. പല മാധ്യമങ്ങളും അതിന്റെ ഫോട്ടോ പ്രദർശിപ്പിക്കാൻപോലും തയ്യാറായില്ല. ഇരുപത്തേഴിലധികം വെട്ടുകളുണ്ടായിരുന്നു. കഴുത്തും തലയുമെല്ലാം പിളർന്ന നിലയിലായിരുന്നു. യൂത്ത് കോൺഗ്രസ്സ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷമാണ് ആ കൊലപാതകത്തിന് കാരണമായത്. യൂത്ത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് പ്രേംജി കൊള്ളന്നൂരാണ്. പ്രേംജി കൊള്ളന്നൂരിന്റെ വീട്ടിൽ കഴിഞ്ഞ വിഷുനാളിൽ മധുവും സംഘവും ചെല്ലുകയും അദ്ദേഹത്തിന്റെ ഭാര്യയുടെയും കുടുംബാംഗങ്ങളുടെയും മുന്നിൽ വച്ച് വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തു. അതിനുശേഷം മധുവിന്റെ നേതൃത്വത്തിൽ പലതരത്തിലുള്ള ഗുണ്ടാപ്രവർത്തനവും അവിടെ നടന്നിരുന്നു. ഇതിന് നേതൃത്വം കൊടുക്കുന്ന ആളുകൾ മറുപക്ഷത്ത് ശക്തരായി നിൽക്കുന്നതിനാൽ തന്നെ കൊലപ്പെടുത്താൻ സാധ്യതയുണ്ടെന്ന് മധു പത്രസമ്മേളനം നടത്തി പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും കെ.പി.സി.സി പ്രസിഡന്റിനും ഡി.സി.സി പ്രസി

ഡന്റിനും ആ ജില്ലയിലെ മന്ത്രിയെന്ന നിലയിൽ ശ്രീ. സി. എൻ. ബാലകൃഷ്ണനും ബഹുമാനപ്പെട്ട സ്പീക്കർക്കും കോൺഗ്രസിന്റെ അഖിലേന്ത്യ വൈസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിക്കും ഇത് സംബന്ധിച്ച് പരാതി കൊടുത്തതായി അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു. ഈ പരാതികൾക്ക് പരിഹാരമുണ്ടാകാത്തതിനാലാണ് മധുവിനെ കൊലചെയ്യേണ്ട അവസ്ഥയുണ്ടായതെന്ന് പ്രേംജി തന്നെ പത്രസമ്മേളനം നടത്തി പറയേണ്ട സ്ഥിതിയാണുണ്ടായത്. മധുവിനെ പൈശാചികമായി കൊലപ്പെടുത്തിയതിനു ശേഷവും അവിടെ സംഘർഷമുണ്ടാകാനുള്ള സാധ്യത വർദ്ധിച്ചുവരുന്നതായാണ് അവിടത്തെ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്. കാരണം ഭരണകക്ഷിയിൽപ്പെട്ട ആളുകൾ തന്നെയാണ് കൊല്ലും കൊലയും നടത്തിക്കൊണ്ടിരിക്കുന്നത്. ഗുണ്ടകളായ പല ആളുകളും ഇന്ന് ഭരണകക്ഷിയിൽ ചേക്കേറിയിരിക്കുന്നു ഭരണകക്ഷിയിൽപ്പെട്ട ആളുകളുടെ സപ്പോർട്ടോടെയാണ് അവിടെ ഗുണ്ടാ-മാഫിയാ സംഘങ്ങൾ അഴിഞ്ഞാടുന്നത്. അതിന് എത്രയും വേഗം പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ജില്ലയാകെ ഗുണ്ടാ-മാഫിയാ വിളയാട്ടത്തിന്റെ വേദിയായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മധുവിന്റെ കൊലപാതകത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ തൃശ്ശൂരിൽ വന്നെങ്കിലും അവിടേയ്ക്ക് തിരിഞ്ഞുനോക്കിയില്ലെന്ന് കോൺഗ്രസ്സുകാർതന്നെ മുറുമുറുക്കാൻ തുടങ്ങിയിരിക്കുകയാണ്. ഏകദേശം ഒരു വർഷംമുമ്പ് വടകരയിൽ നടന്ന കൊലപാതകം ആഘോഷിച്ച ആളുകളാണ്. മധു ദാരുണമായി കൊലചെയ്യപ്പെട്ടശേഷം ഒരാളും അവിടേയ്ക്ക് തിരിഞ്ഞു നോക്കാനുണ്ടായില്ല എന്ന ആക്ഷേപം അവിടെ ഉയർന്നുവന്നിരിക്കുകയാണ്. ഭരണകക്ഷിയുടെ സ്വാധീനത്തോടുകൂടി ഗുണ്ടകളും മാഫിയകളും തൃശ്ശൂർ ജില്ല ഭരിക്കുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. യൂത്ത്

കോൺഗ്രസ്സിന്റെ കൊടകര മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് സ്വർണ്ണക്കവർച്ചയുൾപ്പെടെ പതിനെട്ടോളം കേസുകളിൽ പ്രതിയായ ആളാണെന്നുള്ളത് വളരെ ദു:ഖകരമായി ഇവിടെ രേഖപ്പെടുത്തേണ്ടിവരികയാണ്. അതുപോലെ കോൺഗ്രസ്സിന്റെ കൊടകരയിലെ മറ്റൊരു നേതാവ് അരി മറിച്ചുവിറ്റ കേസിലെ പ്രതികളെ സംരക്ഷിക്കാൻ മുന്നിൽ നിൽക്കുന്നുവെന്നുള്ള പരാതി ഉയർന്നുവന്നിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ വ്യാപകമായ അക്രമം അരങ്ങേറുകയാണ്. അവിടെ ഇനിയും കൊലപാതകമുണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ലെന്ന് പോലീസ്തന്നെ പറയുന്നു. പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കേണ്ട സ്ഥിതിയാണവിടെയുള്ളത്. ഭരണകക്ഷിയിലെ ഒരേ പാർട്ടിയിൽപ്പെട്ട ആളുകൾ തന്നെയാണ് പരസ്പരം വെട്ടിയും കുത്തിയും മരിച്ചുകൊണ്ടിരിക്കുന്നത്. ഇത് തൃശ്ശൂർ ജില്ലയെ അത്യന്തം ഗുരുതരമായ അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. എത്രയും വേഗം ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാനും ഉന്നതങ്ങളിൽ നടന്ന ഗൂഢാലോചന പുറത്തുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് എനിക്ക് ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭിച്ചിട്ടുള്ള വിവരങ്ങൾ ആദ്യം പറയാം. അതിനുശേഷം എന്റെ ഒബ്സർവേഷൻ പറയാം. 01-06-2013-ന് പകൽ 9.30-ന് തൃശ്ശൂർ ടൗണിൽ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രത്തിനു മുൻവശത്തുള്ള റോഡിൽ സംസാരിച്ചുനിൽക്കുകയായിരുന്ന മധുവിനെ പ്രവീണും ടിയാന്റെ

സുഹൃത്തുക്കളായ ഷിനോജ്, മാർട്ടിൻ, സുരേഷ് എന്നിവരും ചേർന്ന് ഒരു ഓട്ടോറിക്ഷയിലെത്തി ഓട്ടോറിക്ഷകൊണ്ട് ഇടിച്ചുവീഴ്ത്തിയശേഷം മാരകമായി വെട്ടിയും കുത്തിയും പരിക്കേൽപ്പിച്ചു. തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ എത്തിച്ച സമയം മധു മരണപ്പെട്ടു. കൊല്ലപ്പെട്ട മധുവിന്റെ സഹോദരീപുത്രനായ സജീഷിന്റെ പരാതി പ്രകാരം മേൽപ്പറഞ്ഞ നാല് പേരെയും പ്രതികളാക്കി ഇന്ത്യൻ ശിക്ഷാ നിയമം 302/34 പ്രകാരം 771/2013 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ടൗൺ വെസ്റ്റ് സി.ഐ അന്വേഷണം നടത്തി വരുന്നു. ഈ സംഭവത്തിൽ നേരിട്ട് കുറ്റകൃത്യത്തിൽ ഏർപ്പെട്ട നാലു പേരെക്കൂടാതെ പ്രിജിത്ത്, സനോജ്, പ്രേംജി കൊള്ളന്നൂർ എന്നിവർ കൂടി പ്രതികളാണെന്നും ഐ.പി.സി 109, 120(ബി), 201 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റംകൂടി നടന്നിട്ടുള്ളതായും തെളിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രിജിത്ത്, സനോജ്, പ്രേംലാൽ എന്നിവരെ യഥാക്രമം അഞ്ച്, ആറ്, ഏഴ് പ്രതികളാക്കിച്ചേർത്തും മേൽപ്പറഞ്ഞ വകുപ്പുകൾ കൂടുതലായി ഉൾപ്പെടുത്തിയും ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടന്ന തെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മധുവിന്റെ അനുയായികളെ തോൽപ്പിച്ച് പ്രേംജി കൊള്ളന്നൂർ പ്രസിഡന്റായും പ്രവീൺ ബൂത്ത് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഈ വിരോധത്തിൽ 14-04-2013-ന് വൈകിട്ട് 6.15-ന് കൊല്ലപ്പെട്ട മധുവും ടിയാന്റെ സുഹൃത്തുക്കളായ വൈശാഖ്, വിവേക്, രവികുമാർ എന്നറിയപ്പെടുന്ന ബണ്ണ രവി എന്നിവരും ചേർന്ന് കാർത്ത്യായനി അമ്പലത്തിന് സമീപമുള്ള പ്രേംജിയുടെ വീട്ടിൽ അതിക്രമിച്ചുകയറി പ്രേംജിയെയും സഹായിക്കാൻ ഓടിച്ചെന്ന

പ്രവീണിനെയും വെട്ടി പരിക്കേൽപ്പിച്ചു. ഇൻഡ്യൻ ശിക്ഷാ നിയമം 452, 323, 324, 308, 34 എന്നീ വകുപ്പുകൾ പ്രകാരം 541/2013 ആയി കേസ് രജിസ്റ്റർ ചെയ്ത് മധുവിനെയും രവികുമാറിനെയും അറസ്റ്റ് ചെയ്യുകയും ഇരുവരും പിന്നീട് കോടതിയിൽനിന്ന് ജാമ്യം നേടുകയും ചെയ്തു. ഈ കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. 26-05-2013-ന് രാത്രി 8.45 മണിയോടുകൂടി തൃശ്ശൂർ വിയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കെൽട്രോൺ കോളനിയിൽ വിൻസന്റ് എന്നയാളിന്റെ വീട്ടിൽ സിജോ, നിഷാന്ത് തുടങ്ങി അഞ്ചോളം പേർ ചേർന്ന് അതിക്രമിച്ചുകയറി വിൻസന്റിനെ കുത്തി പരിക്കേൽപ്പിച്ചതിൽ വിൻസന്റ് സംഭവസ്ഥലത്തുവച്ച് മരണമടഞ്ഞു. ഇതുസംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 449, 302, 149 എന്നീ വകുപ്പുകൾപ്രകാരം വിയ്യൂർ പോലീസ് സ്റ്റേഷനിൽ 890/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ സിജോ, നിഷാന്ത്, നിഖിൽ, ദിലീപ്, അനൂപ്, ടോമി, നിജേഷ് എന്നീ ഏഴ് പേരാണ് പ്രതികളെന്നും ഐ.പി.സി 341, 212, 511, 365 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യംകൂടി ചെയ്തിട്ടുള്ളതായും തെളിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞവരെ പ്രതികളാക്കിച്ചേർത്തും കൂടുതലായി വകുപ്പുകൾ ഉൾപ്പെടുത്തിയും ബഹുമാനപ്പെട്ട കോടതിമുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. എല്ലാ പ്രതികളെയും അറസ്റ്റ്ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി. ഈ കേസിലെ പ്രതികളും മരണപ്പെട്ട വിൻസന്റിന്റെ മകൻ വിപിനും സാമൂഹ്യ വിരുദ്ധരും നിരവധി കേസുകളിൽ പ്രതികളുമാണ്. വിപിൻ പ്രതിയായ പുതുക്കാട് പോലീസ് സ്റ്റേഷനിലെ ഒരു റോബറി കേസിൽ തൃശ്ശൂർ

സെഷൻ കോടതിയിൽ വിപിൻ ഹാജരാകാത്തതിനാൽ വിപിന് വാറണ്ട് പുറപ്പെടുവിക്കുകയും വിപിന്റെ ജാമ്യക്കാർക്കെതിരെ കോടതി നടപടി സ്വീകരിക്കുകയും ചെയ്തു. വിപിനുവേണ്ടി ടി കേസിൽ ജാമ്യം നിന്നത് വിൻസന്റിന്റെ കൊലപാതക കേസിൽ രണ്ടാം പ്രതിയായ നിഷാന്തിന്റെ പിതാവും നിഷാന്തിന്റെ സുഹൃത്തായ ബിജിത്തിന്റെ മാതാവുമായിരുന്നു. കോടതിയിൽ ഹാജരാകാത്തതിനാൽ വിപിനെ ബലമായി പടിച്ചുകൊണ്ടുപോകാനെത്തിയവരെ വിപിന്റെ പിതാവായ വിൻസന്റ് തടഞ്ഞപ്പോഴാണ് വിൻസന്റിനെ കുത്തി കൊലപ്പെടുത്തിയത്. ഈ കേസ് പേരാമംഗലം സി.ഐ അന്വേഷിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഷാഡോ പോലീസിന്റെ സേവനം എല്ലായിടത്തും നടപ്പാക്കിയിട്ടുണ്ട്. വാഹന പരിശോധന നന്നായി നടക്കുന്നുണ്ട്. നല്ല രീതിയിൽ ക്രമസമാധാന നില പരിപാലിക്കുന്നുണ്ട്. പ്രശ്ന ബാധിത പ്രദേശങ്ങളിൽ സ്പെഷ്യൽ ബ്രാഞ്ച് പോലീസ്, ഷാഡോ പോലീസ് തുടങ്ങിയ വിഭാഗങ്ങൾ നിരീക്ഷണം നടത്തി വരുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും പോലീസിന്റെ ഹെൽപ്പ് നമ്പറുകൾ പ്രദർശിപ്പിക്കുകയും സഹായം ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ അടിയന്തരസഹായം നൽകുകയും ചെയ്യുന്നു. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പ്രധാനപ്പെട്ട ജംഗ്ഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിലെ സബ്ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന വയർലെസ് കൺട്രോൾ റൂമുകൾവഴി വരുന്ന സന്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനുകളിലേയ്ക്ക് കൈമാറി ഉടൻ നടപടി സ്വീകരിക്കുന്നുണ്ട്. ഗുണ്ടകളെ നിയന്ത്രിക്കുന്ന ആക്ട് പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 പേരെ അവിടെ 'കാപ്പ' നിയമപ്രകാരം അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഇവിടെ നേരത്തേ പറഞ്ഞതുപോലെ കൊലപാതകത്തിൽ രാഷ്ട്രീയ വും പക്ഷപാതവുമല്ല നോക്കുന്നത്. 27 വെട്ട് കിട്ടിയാലും 51 വെട്ട് കിട്ടി യാലും കൊലപാതകത്തെ ഒരേ രൂപത്തിൽ തന്നെയാണ് കാണുന്നത്. ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ഇങ്ങനെ പറ ഞ്ഞതുകൊണ്ടാണ് എനിക്കിത് പറയേണ്ടിവന്നത്. വടകര കൊലക്കേസ്സിലാണ് 51 വെട്ട് നടന്നത്. 27 വെട്ടാണോ 51 വെട്ടാണോ എന്നത് നമുക്ക് പ്രശ്നമേയ ല്ല, പ്രവർത്തനമാണ് പ്രശ്നം. അതിന്റെയടിസ്ഥാനത്തിൽ പോലീസിന് എടു ക്കാവുന്ന നടപടിയെടുക്കും. ഇക്കാര്യത്തിൽ വളരെ നിഷ്പക്ഷമായ നടപടി ധൈര്യപൂർവ്വം എടുക്കും. ഞാൻ വിശദീകരിച്ച കാര്യങ്ങളാണ് ഇപ്പോൾ പോലീസ് അവിടെ ചെയ്തിട്ടുള്ളത്.

(മേശപ്പുറത്തുവച്ച കടലാസുകൾ)